# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 21, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി

റവന്യൂവും കയറും വകുപ്പുമന്ത്രി

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി

പൊതുമരാമത്ത് വകുപ്പുമന്ത്രി

## <u>വിദ്യാഭ്യാസ അവകാശ നിയമം</u>

*241 ശ്രീ. കെ.വി. അബ്ദുൾ ഖാദർ
,, എം.എ. ബേബി
ഡോ. കെ.ടി. ജലീൽ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) നിയമം നടപ്പാക്കുമ്പോൾ സ്കൂളുകളിൽ വരുന്ന ഘടനാമാറ്റത്തിന്റെ ഫലമായി എത്ര പുതിയ സ്കൂളുകൾ വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) നിയമം കേരളത്തിനനുയോജ്യമായ രീതിയിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് അനാദായകരമെന്ന് കണക്കാക്കപ്പെട്ടിട്ടുള്ള സ്കൂളുകൾ എത്ര; ഇത് നിർണ്ണയിക്കുന്നതിന് അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

# കേരള നിയമസഭ

## 21.06.2012-ലെ മറുപടിക്ക്

(ഇ) കുട്ടികളുടെ എണ്ണക്കുറവുള്ള സ്കൂളുകൾ നിർത്തലാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ എത്ര;

(എഫ്) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ജി) എൽ.പി-യു.പി സ്കൂളുകളിൽ സ്വതന്ത്ര ഹെഡ് ടീച്ചർ തസ്തിക സൃഷ്ടിച്ച് നടപ്പിലാക്കിയോ; ഇത്തരം സ്കൂളുകളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ?

## കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

<u>ഹോട്ടലുകളിലെ വിലവിവര പട്ടിക</u>

*242 ശ്രീ. ഹൈബി ഈഡൻ
,, സണ്ണി ജോസഫ്
,, വി. റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ വിലവിവര പട്ടിക പ്രദർശിപ്പിക്കൽ നിർബന്ധമാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി നിയമ നിർമ്മാണം കൊണ്ടു വരുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

മാവേലിസ്റ്റോറുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ

*243 ശ്രീ. ചിറ്റയം ഗോപകുമാർ
,, സി. ദിവാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലുണ്ടായിരുന്നതും പുതിയതായി നിശ്ചയിച്ചതുമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കൂടുതൽ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

വസ്തുപോക്കുവരവിന് ആധുനിക വിവര സാങ്കേതിക വിദ്യ

*244 ശ്രീ. എ. റ്റി. ജോർജ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വസ്തുപോക്കുവരവ് ഉൾപ്പെടെയുള്ള നടപടികൾ വേഗത്തിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി റവന്യൂ, രജിസ്ട്രേഷൻ ഓഫീസുകളെ കമ്പ്യൂട്ടർ ശൃംഖലയിലൂടെ ബന്ധിപ്പിക്കുന്നകാര്യം പരിഗണിക്കുമോ;

(സി) ഇതിനായി പദ്ധതി തയ്യാറാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ആധുനിക വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

കയർ തറികളുടെ പുനരുദ്ധാരണം

*245 ശ്രീ. കെ. ദാസൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. സി. കെ. സദാശിവൻ
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ തറികൾ പുനരുദ്ധരിക്കാനും ആധുനികവൽക്കരിക്കാനുമുള്ള കയർ ബോർഡിന്റെ പദ്ധതി പ്രവർത്തനം സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിരുത്തിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഭാഗമായുള്ള കയർ തറി നൽകിയെന്ന് വ്യാജരേഖയുണ്ടാക്കി കേന്ദ്ര സബ്സിഡി തട്ടിപ്പ് നടത്തിയ കേസിൽ സി.ബി.ഐ അന്വേഷണം നടന്നതായി അറിയാമോ;വിശദമാക്കുമോ;

(സി) കയർ കോർപ്പറേഷൻ ചെയർമാൻ അടക്കം ഏഴ് പേർക്കെതിരെ സി.ബി.ഐ കോടതിയിൽ എഫ്.ഐ.ആർ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കയർ രംഗത്തെ ആർക്കെല്ലാം ലഭിക്കേണ്ടിയിരുന്ന സബ്സിഡിയാണിവർ തട്ടിപ്പ് നടത്തി നഷ്ടപ്പെടുത്തിയതെന്ന് അറിയാമോ; എത്ര കോടി രൂപ ഇത്തരത്തിൽ തട്ടിപ്പ് നടത്തി; വിശദമാക്കുമോ;

(ഇ) ശ്രീ. രാജേന്ദ്രപ്രസാദ് ഇപ്പോഴും കയർ കോർപ്പറേഷൻ ചെയർമാൻ സ്ഥാനത്ത് തുടരുന്നുണ്ടോ?

# കേരള നിയമസഭ
# 21.06.2012-ലെ മറുപടിക്ക്

<u>തുടർ സാക്ഷരതാ പ്രവർത്തനം</u>

*246 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എം. ഹംസ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർ സാക്ഷരതാ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ; എന്തെല്ലാം പ്രവർത്തനങ്ങളാണിപ്പോൾ നിലച്ചിരിക്കുന്നത്; കാരണം വെളിപ്പെടുത്തുമോ;

(ബി) പത്താംതരം തുല്യതാപരീക്ഷയ്ക്ക് എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവർക്കുള്ള പരീക്ഷ എപ്പോൾ നടത്തേണ്ടതായിരുന്നു; ഇതിന് താമസം നേരിട്ടിരിക്കുന്നത് എന്തുകൊണ്ടാണ്;

(സി) 2010-11 വർഷത്തിൽ തന്നെ പാഠപുസ്തകത്തിന്റെ പരിഷ്കരണം പൂർത്തിയായിട്ടുണ്ടായിരുന്നുവോ; എങ്കിലിപ്പോഴും പുസ്തകം വിദ്യാർത്ഥികൾക്ക് ലഭിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) നാലാംക്ലാസ് തുല്യതാപരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

<u>സ്കൂൾ ഉച്ചഭക്ഷണ പദ്ധതി</u>

*247 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ജെയിംസ് മാത്യു
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണത്തിൽ അപാകതയുണ്ടെന്ന കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം നിയോഗിച്ച ദൗത്യസംഘത്തിന്റെ വിലയിരുത്തൽ വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രധാന വിലയിരുത്തലുകൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

(ബി) ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് അന്വേഷിക്കുന്നതിനും വിലയിരുത്തുന്നതിനും നിലവിലുള്ള സംവിധാനവും അതിന്റെ പ്രവർത്തനങ്ങളും സംബന്ധിച്ച് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ സ്കൂളുകളിൽ ഇപ്പോൾ ഉച്ചഭക്ഷണപദ്ധതിയുടെ ഭാഗമായി എന്തെല്ലാം വിതരണം ചെയ്തുവരുന്നുണ്ട്; വിതരണത്തിലെ പോരായ്മകളായി പരിഗണിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 21.06.2012-ലെ മറുപടിക്ക്

<u>ഇന്‍ഫ്രാസ്ട്രക്ച്ചര്‍ കോണ്‍ഫറന്‍സ്</u>

*248 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, കെ. മുരളീധരന്‍
,, സി. പി. മുഹമ്മദ്
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത്
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ നവംബറില്‍ തലസ്ഥാനത്ത് വച്ച് സംഘടിപ്പിച്ച ഇന്‍ഫ്രാസ്ട്രക്ച്ചര്‍ കോണ്‍ഫറന്‍സിന്റെ ഉദ്ദേശലക്ഷ്യങ്ങള്‍ എന്തൊക്കെയായിരുന്നു ;

(ബി) പ്രസ്തുത കോണ്‍ഫറന്‍സില്‍ എന്തെല്ലാം നിര്‍ദ്ദേശങ്ങളും തീരുമാനങ്ങളും ആണ് ഉണ്ടായത് ;

(സി) പ്രസ്തുത കോണ്‍ഫറന്‍സിന്റെ അടിസ്ഥാനത്തില്‍ പൊതുമരാമത്ത് വകുപ്പിനെ ആധുനീകവല്‍ക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊളളാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

ഭൂസമരക്കാർക്ക് വാസയോഗ്യമായ ഭൂമിയും വീടും

*249 ശ്രീ. ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം
,, ബെന്നി ബെഹനാൻ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം ഭൂസമരക്കാർക്ക് അടിസ്ഥാന സൗകര്യങ്ങളോടെ വീടുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഭൂസമരക്കാർക്ക് മുൻഗവൺമെന്റ് വാസയോഗ്യമല്ലാത്ത ഭൂമിയാണോ നൽകിയത്; വിശദമാക്കുമോ;

(സി) ഇവർക്ക് വാസയോഗ്യമായ ഭൂമി നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കി ഇവരെ ക്രമാനുസൃതമായി പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

<u>ചകിരിച്ചോറിൽ നിന്ന് ജൈവവളം</u>

*250 ശ്രീ. എം. എ. വാഹീദ്
,, കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചകിരിചോറിൽ നിന്നും ജൈവവളം ഉല്പാദിപ്പിക്കുന്ന കയർ ബോർഡിന്റെ ഗവേഷണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) കയർഫെഡിന്റെ ഈ പദ്ധതിയെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 21.06.2012-ലെ മറുപടിക്ക്

<u>പിന്നോക്ക/ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്</u>

*251 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, കെ. എം. ഷാജി
,, പി. ഉബൈദുള്ള
,,

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക/ന്യൂനപക്ഷ സമുദായങ്ങളിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വകുപ്പ് നല്കിവരുന്ന സ്കോളർഷിപ്പുകളെ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഈ വിഭാഗത്തിലെ സമർത്ഥരായ കുട്ടികൾക്ക് എന്തൊക്കെ പഠന സഹായങ്ങൾ നല്കിവരുന്നുണ്ട്;

(സി) ഇപ്പോൾ നല്കിവരുന്ന സ്കോളർഷിപ്പ് തുക വർഷങ്ങൾക്കു മുമ്പ് നിശ്ചയിച്ചതായതുകൊണ്ട്, പര്യാപ്തമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തുക വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

റേഷൻ ഗോതമ്പ്

*252 ശ്രീ. എൻ. ഷംസുദ്ദീൻ
,, സി. മമ്മൂട്ടി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യേണ്ട ഗോതമ്പ് ധാന്യമായി വിതരണം ചെയ്യാതെ വിവിധ ഗോതമ്പുൽപ്പന്നങ്ങളാക്കി മാറ്റി വിപണനം നടത്താനുള്ള തീരുമാനത്തിന്റെ ഉദ്ദേശ്യം വെളിപ്പടുത്തുമോ;

(ബി) പൊടിച്ചെടുക്കുന്ന ധാന്യത്തിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുവാൻ മില്ലുകാർ ശ്രദ്ധിക്കാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗോതമ്പുൽപ്പന്നങ്ങൾ ആകർഷകമാക്കാൻ ദോഷകരമായ രാസവസ്തുക്കൾ ചേർക്കാറുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എല്ലാ കാർഡുടമകൾക്കും നിശ്ചിത അളവ് ഗോതമ്പ് ധാന്യമായിത്തന്നെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

(ഇ) ഉൽപ്പന്നങ്ങളാക്കി പായ്ക്കറ്റിൽ നൽകുവാൻ ഉയർന്ന വില ഈടാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എല്ലാ കാർഡുടമകൾക്കും നിശ്ചിത അളവ് ഗോതമ്പ് ധാന്യമായി ത്തന്നെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

<u>ഭൂരഹിതര്‍ക്ക് വീടുവയ്ക്കുവാന്‍ ഭൂമി</u>

*253 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, പി. ബി. അബ്ദുള്‍ റസാക്
,, അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതര്‍ക്ക് വീടുവയ്ക്കാന്‍ ഭൂമി പതിച്ചുനല്കുന്നതിനുള്ള പദ്ധതിയുടെ പ്രവര്‍ത്തനം ഇപ്പോള്‍ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഭൂരഹിത കുടുംബങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കില്‍ അതിന്റെ വിശദ വിവരം നല്കുമോ;

(സി) ഭൂരഹിത കുടുംബങ്ങള്‍ക്ക് വിതരണം ചെയ്യാന്‍ എത്ര ഭൂമി വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഭൂരഹിതര്‍ക്ക് ഭൂമി എന്ന പദ്ധതിക്ക് ആവശ്യമായ ഭൂമി സര്‍ക്കാര്‍ കൈവശത്തിലുണ്ടോ; ഇല്ലെങ്കില്‍ കുറവ് എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 21.06.2012-ലെ മറുപടിക്ക്

<u>നദികളില്‍ റിസോഴ്സ് മാപ്പിംഗ് പദ്ധതി</u>

*254 ശ്രീ. ഷാഫി പറമ്പില്‍
'' പാലോട് രവി
'' തേറമ്പില്‍ രാമകൃഷ്ണന്‍
'' എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ നദികളില്‍ റിസോഴ്സ് മാപ്പിംഗ് നടത്താനുള്ള പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ ; വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം ;

(സി) ഈ പദ്ധതിയില്‍ എല്ലാ നദികളേയും ഉള്‍പ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇതില്‍ എതെല്ലാം ഏജന്‍സികളാണ് പങ്കെടുക്കുന്നത് ; ഇവരെ ഏകോപിപ്പിക്കുന്നത് ആരാണ് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

<u>യുണീക്ക് തണ്ടപ്പേര് നമ്പർ കാർഡ്</u>

*255 ശ്രീ. വി. പി. സജീന്ദ്രൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുണീക്ക് തണ്ടപ്പേര് നമ്പർ കാർഡ് നൽകുന്നതിനെക്കുറിച്ച് ആലോചനയുണ്ടോ; ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെല്ലാം പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ ഡാമും ദുരന്ത നിവാരണ സംവിധാനങ്ങളും</u>

*256 ശ്രീ. വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് ഉയർന്നാൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രത്യാഘാതങ്ങൾ നേരിടുന്നതിനായി എന്തെല്ലാം ദുരന്ത നിവാരണ സംവിധാനങ്ങളാണ് റവന്യൂ വകുപ്പ് നടത്താനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) അപകടസാദ്ധ്യതയുള്ള മേഖലകൾ കണ്ടെത്തിയിട്ടുണ്ടോ; ഈ പ്രദേശങ്ങളിൽ സർവ്വേ നടത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

<u>പ്ളാസ്റ്റിക് മിശ്രിത റോഡുകൾ</u>

*257 ശ്രീ. റോഷി അഗസ്റ്റിൻ
'' പി.സി. ജോർജ്
ഡോ. എൻ.ജയരാജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ളാസ്റ്റിക് മിശ്രിത റോഡുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(ബി) കേന്ദ്ര ഉപരിതല മന്ത്രാലയത്തിലേക്ക് ഇതു സംബന്ധിച്ച പ്രോപ്പോസൽ എന്നാണ് അയച്ചത്;

(സി) പ്ളാസ്റ്റിക് മിശ്രണം ചെയ്ത ബിറ്റുമിൻ ഉപയോഗിച്ച് പഞ്ചായത്തു റോഡുകളുടെ നിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) മഴപെയ്താൽ വെള്ളം ഒലിച്ചുപോകാൻ സാധ്യത കുറവുള്ള പഞ്ചായത്തു റോഡുകളിൽ പ്ളാസ്റ്റിക് മിശ്രണം ചെയ്ത ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡു നിർമ്മാണം ഫലപ്രദ മാകുമെന്ന് കരുതുന്നുണ്ടോ; വിശദാംശം നല്കുമോ?

# കേരള നിയമസഭ
# 21.06.2012-ലെ മറുപടിക്ക്

<u>നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ്</u>

*258 ശ്രീ. മുല്ലക്കര രത്നാകരൻ
'' പി. തിലോത്തമൻ
'' കെ. അജിത്
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഈ ഫോഴ്സിന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) മുല്ലപ്പെരിയാർ അണക്കെട്ട് മേഖലയിൽ ഭൂപ്രകൃതി അടിസ്ഥാനപ്പെടുത്തി സാറ്റലൈറ്റ് അധിഷ്ഠിതമായ പഠനം ആവശ്യമാണെന്ന് നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഫോഴ്സിൽ പരിശീലനം നേടിയ എത്ര പേരുണ്ടെന്നും മെഡിക്കൽ ആന്റ് പാരാ മെഡിക്കൽ വിഭാഗത്തിലുള്ള അംഗങ്ങൾ എത്രയെന്നും, എത്ര സെർച്ച് ടീമുകളുണ്ടെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

<u>മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങൾ</u>

*259 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, വി. ചെന്താമരാക്ഷൻ
,, രാജു എബ്രഹാം
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ സർവ്വകക്ഷിയോഗം ചേർന്നതിന്റെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു ; ഈ തീരുമാനങ്ങൾ എല്ലാം നടപ്പാക്കു കയുണ്ടായോ ;

(ബി) നിലവിൽ മൂന്നാറിൽ എത്ര ഹെക്ടർ ഭൂമിയുടെ കയ്യേറ്റങ്ങൾ ഇനിയും ഒഴിപ്പിക്കേണ്ടതുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ടു ചെയ്യപ്പെട്ട കയ്യേറ്റങ്ങൾ ഏതൊക്കെയാണ് എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

റോഡുകളുടെ വികസനവും മെയിന്റനൻസും

*260 ശ്രീ. പി. ഉബൈദുള്ള
,, എം. പി. അബ്ദുൾസമദ് സമദാനി
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനക്കാര്യത്തിലും 2011-12 വർഷത്തിൽ സ്വീകരിച്ച നയവും നടപടികളും പറയാമോ;

(ബി) സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനും മെയിന്റനൻസിനും എന്തു തുകയുടെ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ;

(സി) നഗരറോഡുകളുടെ വികസന കാര്യത്തിൽ എന്തൊക്കെ പ്രവർത്തികൾ ഏറ്റെടുത്തുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഗ്രാമീണ മേഖലയിലെ റോഡുകളുടെ കാര്യത്തിൽ വേണ്ടത്ര പരിഗണന നല്കിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പരിഹാര നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമൊ ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

<u>വൈദ്യുതീകരിക്കാത്ത വീടുകൾക്കുള്ള മണ്ണെണ്ണ വിഹിതം</u>

*261 ശ്രീ. എം. ഹംസ
,, കെ. രാധാകൃഷ്ണൻ
ശ്രീമതി. കെ. കെ. ലതിക
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ മണ്ണെണ്ണ വിതരണത്തിന് വൈദ്യുതീകരിക്കാത്ത ഭവനങ്ങളുടെ എണ്ണം എത്രയാണെന്നാണ് കേന്ദ്രം കണക്കാക്കിയിട്ടുള്ളത്;

(ബി) ഇത് ശരിയായ രീതിയിലാണോ കണക്കാക്കിയിട്ടുള്ളത്; സംസ്ഥാനത്ത് വൈദ്യുതീകരിക്കാത്ത എത്ര ഭവനങ്ങൾ പ്രസ്തുത പട്ടികയിൽപ്പെടാതെ പോയിട്ടുണ്ട്;

(സി) അങ്ങനെയാണെങ്കിൽ ആയത് തിരുത്തി വേണ്ടത്ര അളവിൽ മണ്ണെണ്ണ കേന്ദ്രത്തിൽ നിന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ സംവിധാനം</u>

*262 ശ്രീ. ലൂഡി ലൂയിസ്
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത സംവിധാനം പ്രവർത്തനക്ഷമമായിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) എന്തെല്ലാം വിവരങ്ങളാണ് ഈ സംവിധാനം വഴി ലഭിക്കുന്നത് ;

(ഡി) എത്ര സബ് രജിസ്ട്രാർ ഓഫീസുകളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കാമോ ;

(ഇ) സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും ഇതു നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

<u>അനധികൃത മണൽക്കടത്ത്</u>

*263 ശ്രീ. എം. പി. വിൻസെന്റ്
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത മണൽക്കടത്ത് തടയാൻ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി രൂപീകരിച്ച പ്രത്യേക സ്ക്വാഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) സ്ക്വാഡിന്റെ പ്രവർത്തനം എപ്രകാരമെന്ന് വിശദീകരിക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ സ്ക്വാഡുകൾ പ്രർത്തിക്കുന്നതെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

വിദ്യാഭ്യാസ പാക്കേജ്

*264 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. രാധാകൃഷ്ണൻ
,, എം. ചന്ദ്രൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിഭ്യാദ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ച് ജോലി സംരക്ഷണം ഉറപ്പാക്കുന്ന വിദ്യാഭ്യാസ പാക്കേജ് സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പാക്കേജ് പൊതുവിദ്യാലയങ്ങൾ മെച്ചപ്പെടുത്തുന്നതിനും അദ്ധ്യാപക തസ്തികയിൽ തൊഴിൽ സംരക്ഷണം നൽകുന്നതിനും ലക്ഷ്യം വെയ്ക്കുന്നുണ്ടോ ; വിശദമാക്കാമോ ; അദ്ധ്യാപക പാക്കേജിലെ വ്യവസ്ഥകൾ ബന്ധപ്പെട്ടവരെല്ലാം അംഗീകരിക്കുകയും പൂർണ്ണമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ടോ ;

(സി) സ്കൂളുകളിൽ തസ്തിക നഷ്ടപ്പെടുന്നതിന്റെ കാരണം കുട്ടികൾ കുറയുന്നതാണെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിവിധ സിലബസ്സുകളിൽ അനധികൃത വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നതും, അൺ എയിഡഡ് സ്കൂളുകൾക്കും സി.ബി.എസ്.ഇ. സ്കൂളുകൾക്കും യഥേഷ്ടം അംഗീകാരം നൽകുന്നതുമാണ് തസ്തിക നഷ്ടപ്പെടാനും അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടുത്തുന്നതിനും ഇടയാക്കുതെന്നകാര്യം പരിഗണിച്ചുകൊണ്ട് അവ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 21.06.2012-ലെ മറുപടിക്ക്

<u>അത്യാധുനിക റോഡുകൾ</u>

*265 ശ്രീ. വർക്കല കഹാർ
,, കെ. മുരളീധരൻ
,, എ. റ്റി. ജോർജ്
,, വി.പി സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അത്യാധുനിക റോഡ് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) എത്ര കി. മി. ദൈർഘ്യത്തിലാണ് പ്രസ്തുത റോഡുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനുള്ള സ്ഥലം എങ്ങനെ ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇങ്ങനെ നിർമ്മിക്കുന്ന റോഡുകളിൽ നിലവിലില്ലാത്ത എന്തെല്ലാം സൗകര്യങ്ങളും സവിശേഷതകളും ആണ് ഒരുക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

<u>ഭൂസംരക്ഷണ ദൗത്യസംഘം</u>

*266 ശ്രീ. കോവൂർ കുഞ്ഞുമോൻ
,, എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂസംരക്ഷണത്തിനായി വിമുക്ത ഭടന്മാരുടെ പ്രത്യേക ദൗത്യസംഘത്തെ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ദൗത്യ സംഘത്തിന്റെ ഘടന വ്യക്തമാക്കുമോ;

(സി) പ്രത്യേക ദൗത്യ സംഘത്തിന്റെ ചുമതലകളും കർത്തവ്യങ്ങളും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

*267 ശ്രീ. തോമസ് ഉണ്ണിയാടൻ
'' മോൻസ് ജോസഫ്
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഉറപ്പ് വരുത്തുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ കൈകൊള്ളുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

<u>പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ നൽകുന്ന പ്രതിഫലം</u>

*268 ശ്രീ. ഇ. പി. ജയരാജൻ
,, ബാബു എം. പാലിശ്ശേരി
,, സി . കൃഷ്ണൻ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നുണ്ടോ;

(ബി) എങ്കിൽ ഭൂമി നഷ്ടപ്പെടുന്നവർക്ക് നൽകിവരുന്ന പ്രതിഫലം സംബന്ധിച്ച് വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച പുതിയ പാക്കേജിന് എന്ന് മുതൽ പ്രാബല്യം നൽകും;

(ഡി) സംസ്ഥാനത്ത് എവിടെയെങ്കിലും ഇപ്പോൾ ലാന്റ് അകവിസിഷൻ നടക്കുന്നുണ്ടോ.

(ഇ) അവയ്ക്കും പ്രസ്തുത പാക്കേജ് ബാധകമായിരിക്കുമോ?

# കേരള നിയമസഭ
# 21.06.2012-ലെ മറുപടിക്ക്

<u>മരാമത്ത് പണികളിലെ കാലതാമസം</u>

*269 *ശ്രീ. ജെയിംസ് മാത്യു
,, എ. പ്രദീപ് കുമാർ
,, കെ. വി. വിജയദാസ്
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ തുടക്കം കുറിച്ച എത്ര മരാമത്ത് പണികൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ; ഇത്തരം പ്രവൃത്തികളുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ചില ഉദ്യോഗസ്ഥരുടെയും ചില കരാറുകാരുടെയും ഒത്തുകളിമൂലം പല മരാമത്ത് പ്രവൃത്തികളും ഇഴഞ്ഞു നീങ്ങുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) മരാമത്ത് പണികൾ ബോധപൂർവ്വം കാലതാമസം വരുത്തി പദ്ധതി അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനുള്ള ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും ശ്രമമാണ് ഇതിന് പിന്നിലുളളതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) കരാർ കാലാവധി കഴിഞ്ഞിട്ടും പണി പൂർത്തീകരിക്കാത്ത എത്ര പ്രവൃത്തികൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; ഇത്തരം കരാറുകാരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ;

(ഇ) മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012-ലെ മറുപടിക്ക്

റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനം

*270 ശ്രീ. അൻവർ സാദത്ത്
,, വി.ഡി. സതീശൻ
,, പി.സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ബയോമെട്രിക് സംവിധാനം ഏർപ്പെടുത്താ നുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇത് കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി - ഇൻ - ചാർജ്
2012 ജൂൺ 12.